LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇത് തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടി എന്തൊക്കെയാണ്; വിശദമാക്കാമോ?

വന്യജീവി വ്യാപാരം തടയുന്നതിനായി നഗര പ്രദേശങ്ങൾ ഉൾപ്പെടെ പടോളിംഗ് സംശയമുള്ള പെറ്റ് ഷോപ്പുകളിൽ റെയിഡുകളും നടത്തിവരുന്നുണ്ട്. ഇതിനുപുറമെ ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗം മുഖാന്തരം രഹസ്യവിവര ശേഖരണവും നടത്തിവരുന്നു. വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോ നൽകുന്ന രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മിന്നൽ പരിശോധനയും നടത്തിവരുന്നു. വന്യജീവി വ്യാപാരം കണ്ടെത്തുന്ന കേസുകളിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരെ നിയമത്തിന് മുമ്പിൽ കൊണ്ടുവരുന്നുണ്ട്.

(സി) 2020-21 കാലഘട്ടത്തിൽ എത്ര കേസ്സുകൾ ഈയിനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

2020-21 കാലഘട്ടത്തിൽ ഉത്തരമേഖലയിൽ 6 കേസും, ദക്ഷിണമേഖലയിൽ 6 കേസും, കിഴക്കൻ മേഖലയിൽ 2 കേസ്സും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ഡി) ഇത്തരം വ്യാപാരം തടയുന്നതിനും അന്വേഷകർക്ക് സാങ്കേതിക സഹായം നൽകുന്നതിനും ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഹൈ എൻഡ് സൈബർ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിഗണനയിലുണ്ട്.

**ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ്**

97(602) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനവാസ കേന്ദ്രങ്ങളിൽ എത്തുന്ന വന്യമൃഗങ്ങളുടെ എണ്ണത്തിൽ വൻ വർദ്ധനവ് രേഖപ്പെടുത്തുന്ന സാഹചര്യം ഉണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്; അറിയിക്കാമോ?

വനത്തിലും വനത്തോടുചേർന്ന് കിടക്കുന്ന സ്ഥലങ്ങളിലും മനുഷ്യവാസ പ്രദേശങ്ങൾ കൂടുതൽ ഉള്ളതിനാൽ വന്യമൃഗങ്ങൾ ഒരു സ്ഥലത്തുനിന്നും മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥലത്തേയ്ക്ക് പോകുന്ന മുന്നാലെയുള്ള ഇടനാഴികൾ മുറിഞ്ഞുപോയിട്ടുണ്ട്. ഇതുമൂലം വന്യജീവികൾ നാട്ടിലിറങ്ങുന്ന സാഹചര്യം നിലവിലുണ്ട്. വനാതിർത്തിയോട് ചേർന്ന് കർഷകർ കൃഷി ചെയ്യുന്ന കാർഷിക വിളകളായ വാഴ, പൈനാപ്പിൾ, തെങ്ങ്, കപ്പ, പ്ലാവ് എന്നിവയിൽ ആകൃഷ്ടരായി വന്യമൃഗങ്ങൾ ജനവാസ മേഖലയിൽ ഇറങ്ങാറുണ്ട്. വനത്തോട് ചേർന്നുകിടക്കുന്ന സ്ഥലങ്ങൾ കാടുപിടിച്ച് കിടക്കുന്നതുമൂലവും വന്യജീവികൾ നാട്ടിലിറങ്ങുന്ന പ്രവണത കൂടിയിട്ടുണ്ട്. വന പ്രദേശങ്ങൾക്ക് സമീപം നഗരങ്ങളിൽനിന്നുള്ള ഭക്ഷ്യമാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലവും വന്യമൃഗങ്ങൾ നാട്ടിലിറങ്ങുന്ന പ്രവണത വർദ്ധിച്ചിട്ടുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിത മാക്കിയതിനാൽ വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുള്ളതും ഒരു കാരണമാണ്

(ബി) കാടിറങ്ങുന്ന കാട്ടുമൃഗങ്ങളെ വനത്തിലേയ്ക്ക് മടക്കി അയച്ചതിന് 2020-21 സാമ്പത്തിക വർഷം വനം വകുപ്പിന് എന്ത് തുക ചെലവായി?

കാടിറങ്ങുന്ന കാട്ടുമൃഗങ്ങളെ വനത്തിലേയ്ക്ക് മടക്കി അയയ്ക്കുന്നതിലേയ്ക്കായി വിവിധ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കിയതിനും തദ്ദേശീയരായ വാച്ചർമാരെ ഉൾപ്പെടുത്തി ഇവയെ തിരിച്ചു വനത്തിലേയ്ക്ക് മടക്കി അയയ്ക്കുന്നതിലേയ്ക്കായി 2020-21 സാമ്പത്തിക വർഷം ചെലവായ തുക സർക്കിൾ തിരിച്ച് ചുവടെ ചേർക്കുന്നു:-

| സർക്കിൾ | തുക (ലക്ഷത്തിൽ) |
|---|---|
| വന്യജീവി വിഭാഗം, പാലക്കാട് | 96.59 |
| ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം | 26.33 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 240.19 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 133.32 |
| സതേൺ സർക്കിൾ, കൊല്ലം | 34.60 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 69.38 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 73.87 |
| ആകെ | 674.28 |

(സി) കാട്ടുമൃഗങ്ങളുടെ പോസ്റ്റ്മോർട്ടത്തിനും സംസ്കാരത്തിനുമായി 2020-21 സാമ്പത്തിക വർഷം എന്ത് തുക ചെലവഴിച്ചു; വ്യക്തമാക്കുമോ?

കാട്ടുമൃഗങ്ങളുടെ പോസ്റ്റ്മോർട്ടത്തിനും സംസ്കാരത്തിനുമായി 2020-21 സാമ്പത്തിക വർഷം 16.79 ലക്ഷം രൂപ ചെലവായി.